# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 340** | **24.06.2014- ൽ മറുപടിക്ക്**

**"ചെറുകിട വ്യവസായങ്ങൾക്ക് ഓൺലൈൻ ലൈസൻസ് ഏർപ്പെടുത്താൻ നടപടി"**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഹൈബി ഈഡൻ**<br>**ശ്രീ. സി.പി. മുഹമ്മദ്**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. എ.റ്റി. ജോർജ്** | **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) ചെറുകിട വ്യവസായങ്ങൾക്ക് ഓൺലൈൻ ലൈസൻസ് ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) ചെറുകിട വ്യവസായങ്ങൾക്ക് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ കീഴിൽ ഏകജാലക സംവിധാനത്തിലൂടെ ലൈസൻസുകൾ ലഭ്യമാക്കുന്നതിന് ഓൺലൈൻ ലൈസൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഉത്തരവായിട്ടുണ്ട്. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നുള്ള വിശദാംശങ്ങൾ നൽകുമോ; | ബി) പദ്ധതിക്കാവശ്യമായ ക്ലിയറൻസുകൾ ലളിതമായും സമയബന്ധിതമായും കൂടുതൽ സുതാര്യതയോട് കൂടിയും ഓൺലൈൻ മുഖേന ലഭ്യമാക്കുക എന്നത് ഈ സംവിധാനം നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിടുന്നു. |
| സി) ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുക വഴി നിലവിലെ നിയമത്തിൽ ഭേദഗതിക്കായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ; ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | സി) ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. ആയതിനാൽ ഇതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**